"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കൊല്ലം ഡിസ്ട്രിക്റ്റ് ലൈവ് സ്റ്റോക്ക് & ഹോർട്ടികൾച്ചർ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ലി. നം. ക്യൂ 1675 ന് എൻ.സി.ഡി.സി. ധനസഹായ തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.329/2025/Co-Op തീയതി, തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. എൻ.സി.ഡി.സി ഡയറക്ടറുടെ 02/11/2023ലെ എൻ.സി.ഡി.സി 2-7-2022/പി ഡി എൽ എസ്/467/എസ് ബി 30408 നം കത്ത്
2. സഹകരണ സംഘം രജിസ്ട്രാറുടെ 21/05/2024 ലെ പി& എം.എ (3) 9394/22 നം. കത്ത്
3. സ.ഉ.(സാധാ)നം.379/2024/സഹ തീയതി 31/07/2024
4. സ.ഉ.(സാധാ)നം.422/2024/സഹ തീയതി 23/08/2024
5. സഹകരണ സംഘം രജിസ്ട്രാറുടെ 10/05/2025 ലെ പി&എം എ (3) 12289/24 നം. കത്ത്
6. ഇ അനുമതി നമ്പർ AS/COP/25/43717 (share) , AS/COP/25/43718 (Loan), AS/COP/25/43719(Subsidy)
7. സ.ഉ.(സാധാ)നം.326/2025/സഹ തീയതി 10/07/2025

**ഉത്തരവ്**

കൊല്ലം ജില്ലാ ലൈവ് സ്റ്റോക്ക് & ഹോർട്ടിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ലിമി. നം. ക്യു. 1675ന് കാർഷിക സംസ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഇന്റഗ്രേറ്റഡ് ഡയറി & ലൈവ് സ്റ്റോക്ക് ഫാമിനുള്ള എൻ.സി.ഡി.സി. ധനസഹായമായി 402.325 ലക്ഷം രൂപ (ഓഹരി - 134.109 ലക്ഷം രൂപ വായ്പ - 223.513 ലക്ഷം രൂപ, സബ്സിഡി - 44.703 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം എൻ.സി.ഡി.സി യുടെ അനുമതി ലഭിച്ചിരുന്നു. അപ്രകാരം അനുമതി ലഭിച്ച ധനസഹായത്തിന്റെ ഒന്നാം ഗഡുവായി ചുവടെ പറയും പ്രകാരം 171.7565 ലക്ഷം രൂപ 2024-25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ഇനം | ശീർഷകം | തുക ലക്ഷത്തിൽ |
|---|---|---|
| ഓഹരി | 4425-108-89-34-3 | 45.00 |
| വായ്പ | 6425-108-19 | 111.7565 |
| സബ്സിഡി | 2425-107-74-34-3 | 15.00 |
| ആകെ | | 171.7565 |

എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം ടി തുക 2024-25 സാമ്പത്തികവർഷത്തിൽ പിൻവലിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. പ്രസ്തുത ധനസഹായം 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിക്കുകയും അതുപ്രകാരം പരാമർശം (3) ഭരണാനുമതി പുതുക്കി പരാമർശം (7) പ്രകാരം പുറത്തിറക്കിയിട്ടുണ്ട്.

2. ഈ സാഹര്യത്തിൽ, കൊല്ലം ജില്ലാ ലൈവ് സ്റ്റോക്ക് & ഹോർട്ടിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ലിമി. നം. ക്യു. 1675 ന് കാർഷിക സംസ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഇന്റഗ്രേറ്റഡ് ഡയറി & ലൈവ് സ്റ്റോക്ക് ഫാമിനുള്ള എൻ.സി.ഡി.സി. ധനസഹായത്തിന്റെ ആദ്യഗഡുവായ 171.7565 ലക്ഷം രൂപ ചുവടെ പറയും പ്രകാരം 2025-26 സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | 4425-108-89-34-3 ഓഹരി | 45.00 |
| 2. | 6425-108-19 വായ്പ | 111.7565 |
| 3. | 2425-107-74-34-3 സബ്സിഡി | 15.00 |
| | ആകെ | 171.7565 |

3. സർക്കുലർ നം.35/2024/ധന തീയതി 12/6/2024 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് മേൽ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ തന്നെ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

2. സെക്രട്ടറി,കൊല്ലം ഡിസ്ട്രിക്റ്റ് ലൈവ് സ്റ്റോക്ക് & ഹോർട്ടികൾച്ചർ പ്രൊഡ്യൂസേഴ്സ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 1675 (സഹകരണ സംഘം രജിസ്ട്രാർ മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

4. ധനകാര്യ അഗ്രി (സി) വകുപ്പ് (അഗ്രി സി1-298/2022/ധന)

5. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

6. വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/83/2025/സഹ).

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 14-07-2025 12:37:57
സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.